"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വണ്ടാഴി സി.വി.എം.എച്ച്.എസ്.എസ്. മാനേജർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22478/2024-ന്റെ 24.06.2024 -ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4338/2025/GEDN തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-
1. പാലക്കാട് വണ്ടാഴി സി.വി.എം.എച്ച്.എസ്.എസ്. മാനേജരുടെ 07.06.2024-ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി4)
2. വണ്ടാഴി സി.വി.എം.എച്ച്.എസ്.എസ്. മാനേജർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22478/2024-ന്റെ 24.06.2024 -ലെ വിധിന്യായം
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറിന്റെ 05.09.2024-ലെ ബി2/1560/2024 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.09.2024-ലെ ആർ.എ1/18424/2024/ഡി.ജി.ഇ. നമ്പർ കത്ത്
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 12.09.2024-ലെ DDEPKD/3946/2024-B4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് വണ്ടാഴി സി.വി.എം.എച്ച്.എസ്.എസ്. മാനേജർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.22478/2024-ന്റെ 24.06.2024 -ലെ വിധിന്യായത്തിൽ, ഹർജിക്കാരനെ കേൾക്കുന്നതിനും EXT P4 (Revision Petition dated 07.06.2024) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 11.09.2024 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

2) ഹർജിക്കാരനായ വണ്ടാഴി സി.വി.എം.എച്ച്.എസ്.എസ്. മാനേജരുടെ അപേക്ഷ ഇപ്രകാരമാണ് :

"പാലക്കാട് ജില്ലയിലെ വണ്ടാഴി സി.വി.എം. ഹൈസ്കൂളിന്റെ 2022-23 തസ്തിക നിർണ്ണയ ഉത്തരവിൽ ലഭ്യമായ കുട്ടികളുടെ അംഗസംഖ്യ അനുസരിച്ച് 5 മുതൽ 10

വരെ ഡിവിഷനുകളിലായി **14+14=28** ഡിവിഷനുകളും തത്തുല്യ തസ്തികകളും അനുവദിക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ശിപാർശ ചെയ്തിരുന്നതാണ്. എന്നാൽ ഹയർ ലെവൽ പരിശോധന നടത്തിയ വിദ്യാഭ്യാസ ഉപഡയറക്ടർ യാതൊരു നിയമമാനദണ്ഡവും പരാമർശിക്കാതെ തസ്തികകൾ വെട്ടിക്കുറച്ചുകൊണ്ട് **5, 7, 9, 10** എന്നീ ക്ലാസ്സുകളിൽ ഓരോ ഡിവിഷൻ മാത്രം അനുവദിക്കാനെ നിർവ്വാഹമുള്ളൂ എന്ന നിയമവിരുദ്ധമായ റിപ്പോർട്ടാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയത്. ഈ അനീതിക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ നൽകിയെങ്കിലും **ആർ.എ1/75630/2023** തിയതി **24.5.2024**-ലെ ഉത്തരവിൽ വിദ്യാഭ്യാസ ഡയറക്ടർ പരിശോധന നടത്തി നൽകുന്ന റിപ്പോർട്ടുകൾ സർക്കാരിലേക്ക് അയയ്ക്കുക എന്ന നടപടിക്രമം മാത്രമെ സ്വീകരിക്കാൻ കഴിയൂ. തന്മൂലം സർക്കാർ മുൻപാകെ പരിഹാര നടപടിക്കായി സമീപിച്ചിരിക്കയാണ്.

**2022-23** വർഷത്തെ അധിക തസ്തിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു

| | **DEO** ശിപാർശ ചെയ്തത് | **DDE** ശിപാർശ ചെയ്തത് | **DDE** വെട്ടിക്കുറച്ച തസ്തികകൾ |
|---|---|---|---|
| എച്ച്.എസ്.ടി. (പി.എസ്) | **1** | **1** | |
| എച്ച്.എസ്.ടി. (ഗണിതം) | **1** | **1** | |
| എച്ച്.എസ്.ടി. (എസ്.എസ്) | **1** | **-** | **1** |
| എച്ച്.എസ്.ടി. (ഇംഗ്ലീഷ്) | **1** | **-** | **1** |
| യു.പി.എസ്.ടി. | **5** | **2** | **3** |
| ജൂനിയർ ഹിന്ദി | **1** | **-** | **1** |
| എഫ്.ടി.എം. | **1** | **1** | |

ഈ സ്കൂളിലെ ഭൗതിക സാഹചര്യം

| | |
|---|---|
| പോസ്റ്റ് കെ.ഇ.ആർ. ക്ലാസ്സ് മുറികൾ | **46** എണ്ണം |
| എക്സ്ട്രാ സ്പെയിസിനായി | **15** എണ്ണം |

| | |
|---|---|
| [illegible] മാറ്റിവെച്ചത് | [illegible] |
| ലഭ്യമായ ക്ലാസ് മുറികൾ | 31 എണ്ണം |
| നിർദ്ദിഷ്ട പി.ടി.ആർ. പ്രകാരം ഡി.ഇ.ഒ. ശിപാർശ ചെയ്ത അർഹതയുള്ള ഡിവിഷനുകൾ | യു.പി. - 14<br>എച്ച്.എസ്. - 14<br>ആകെ - 28 |
| മുൻ വർഷം അനുവദിച്ച ഡിവിഷനുകൾ | യു.പി. - 9<br>ഹൈസ്കൂൾ - 10<br>ആകെ - 19 |

ഹയർ സെക്കൻഡറി വിഭാഗത്തിനായി 1 5 ക്ലാസ്സ് മുറികൾ പ്രത്യേകമായി വേറെ മാറ്റിവെച്ചിട്ടുള്ളതാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശിപാർശയ്ക്ക് വിരുദ്ധമായി വിദ്യാഭ്യാസ ഉപഡയറക്ടർ തസ്തികകൾ വെട്ടിച്ചുരുക്കി 5, 7, 9, 10 ക്ലാസ്സുകളിൽ ഓരോ അധികഡിവിഷൻ മാത്രമായി പരിമിതപ്പെടുത്തി ശിപാർശ ചെയ്യുവാൻ കണ്ടെത്തിയ കാരണങ്ങൾ താഴെ വിശദീകരിക്കുന്നു.

1. അധിക ഡിവിഷനുകൾ പ്രവർത്തിക്കുന്നതായി സന്ദർശന സമയത്ത് കണ്ടു.

2 . ഹയർ സെക്കൻഡറിയുടെയും ഹൈസ്കൂളിന്റെയും ക്ലാസ്സ് മുറികൾ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.

3. അടുക്കളയുടെ മേൽക്കൂര ഷീറ്റാണ്.

4. കുട്ടികൾക്ക് ഭക്ഷണം കഴിക്കുവാൻ ഡൈനിംഗ് ഹാൾ ഇല്ല

5. ശുചിമുറികൾ കുറവാണ്.

6. പെൺകുട്ടികൾക്ക് 4+4= 8 ടോയ് ലറ്റും, 2 യൂറിൻ ഷെഡും ഉണ്ട്.

7. ആൺകുട്ടികൾക്ക് 2 യുറിൻ ഷെഡിനു പുറമെ 2 ടോയ്‌ലറ്റും മാത്രമാണുള്ളത്.

8. ഉള്ള ശുചിമുറികൾ നല്ല നിലവാരം ഉള്ളവയല്ല.

9. പ്രവർത്തന സജ്ജമായ കമ്പ്യൂട്ടറുകളുടെ എണ്ണം കുറവാണ്.

അതിനാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത 9

അധികഡിവിഷനുകളും അനുവദിക്കാൻ നിർവ്വാഹമില്ല എന്ന വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉന്നതതല പരിശോധനാ റിപ്പോർട്ട് തസ്തിക നിർണ്ണയത്തിനായി നിർമ്മിക്കപ്പെട്ട കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 2 3 ചട്ടം 12-ന് കീഴിൽ വരുന്ന നിയമവ്യവസ്ഥകളുമായി പൊരുത്തപ്പെടാത്തതാണ്. അക്കോമഡേഷന്റെ പോരായ്മ ഉണ്ടെന്നോ, കുട്ടികളുടെ കുറവ് ഉണ്ടെന്നോ വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശമില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുൻപാകെ സമർപ്പിച്ച റിവിഷൻ ഹർജി വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയ തെറ്റായ റിപ്പോർട്ടിനെതിരെ ഡയറക്ടറുടെ ഇടപെടൽ പ്രതീക്ഷിച്ചുകൊണ്ടാണ് സമർപ്പിച്ചത്. എന്നാൽ വിദ്യാഭ്യാസ ഡയറക്ടർ നൽകിയ റിവിഷൻ ഉത്തരവിൽ താഴെ നിന്നുവരുന്ന റിപ്പോർട്ടുകൾ സർക്കാരിലേക്ക് അയച്ചുകൊടുക്കുന്ന പ്രക്രിയ മാത്രമെ നടത്താൻ കഴിയൂ എന്ന നിലപാടാണ് വ്യക്തമാക്കിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ ആവശ്യമായ അക്കമൊഡേഷനും, കുട്ടികളും ഉണ്ടെന്നിരിക്കെ, യു.പി.യിൽ 14-ഉം ഹൈസ്കൂളിൽ 14-ഉം ചേർത്ത് മൊത്തം 28 ഡിവിഷനുകളും, തത്തുല്യ തസ്തികകളും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത എല്ലാ അധികതസ്തികകളും ലഭിക്കുവാൻ ഈ വിദ്യാലയത്തിന് അർഹതയുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ടിൽ അധികഡിവിഷനുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് പ്രത്യേകം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. അതിനാൽ തസ്തികനിർണ്ണയവുമായി യാതൊരു ബന്ധവുമില്ലാത്ത കാരണങ്ങൾ ഉന്നയിച്ചുകൊണ്ട് അർഹതപ്പെട്ട ഡിവിഷനുകൾ മുഴുവനും അനുവദിക്കേണ്ടതില്ല എന്ന വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിലപാട് കടുത്ത നിയമലംഘനവും സുഗമമായി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിന് പരിഹരിക്കാൻ കഴിയാത്ത ബുദ്ധിമുട്ടുകൾ സൃഷ്ടിക്കാനും മാത്രമെ ഉപകരിക്കൂ. അതിനാൽ റിവിഷൻ ഹർജി അംഗീകരിച്ച്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ നിയമവിരുദ്ധമായ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ് 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്തതും, മുൻ ഖണ്ഡികയിൽ വിശദീകരിച്ചതുമായ വിദ്യാഭ്യാസ ഉപഡയറക്ടർ വെട്ടിക്കുറച്ചതുമായ താഴെ പറയുന്ന തസ്തികകൾ അനുവദിക്കുവാൻ അപേക്ഷിക്കുന്നു.

| | |
|---|---|
| എച്ച്.എസ്.ടി. (എസ്.എസ്) | 1 |
| എച്ച്.എസ്.ടി. (ഇംഗ്ലീഷ്) | 1 |
| | |
| യു.പി.എസ്.ടി [illegible] | 3” [illegible] |

| | |
|---|---|
| ജൂനിയർ ഹിന്ദി | 1 |

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

"വണ്ടാഴി സി.വി.എം. ഹൈസ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർ ണ്ണയത്തിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, 5 മുതൽ 10 വരെ ക്ലാസ്സുകളിലായി 9 അധിക ഡിവിഷനുകളും (യു.പി - 5, എച്ച്.എസ്. - 4) അതിനു ആനുപാതികമായി താഴെ പറയുന്ന അധിക തസ്തികകളും ശിപാർശ ചെയ്തിരുന്നു.

ഫിസിക്കൽ സയൻസ് - 1, കണക്ക് - 1, സോഷ്യൽ സയൻസ് - 1, ഇംഗ്ലീഷ് - 1, മലയാളം - 1, യു.പി.എസ്.ടി - 5, ജൂനിയർ ഹിന്ദി - 1, എഫ്.ടി.എം. - 1.

തുടർന്ന്, ഹയർ ലെവൽ വെരിഫിക്കേഷൻ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയത് പ്രകാരം പാലക്കാട് ഡി.ഡി.ഇ. സ്കൂൾ സന്ദർശിച്ച് താഴെ പറയുന്ന പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

"അധിക ഡിവിഷനുകൾ പ്രവർത്തിക്കുന്നതായി സന്ദർശന സമയത്തു കണ്ടു. ഹയർ സെക്കൻഡറിയുടെയും ഹൈസ്കൂളിന്റെയും ക്ലാസ് മുറികൾ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. അടുക്കള ഉണ്ടെങ്കിലും അടുത്തുള്ള ഷീറ്റ് മേൽക്കൂരയോടുകൂടിയ ഷെഡിലാണ് പാചകം ചെയ്യുന്നത്. കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ ടിഫിൻ ഷെഡ്/ ഡൈനിങ്ങ് ഹാൾ ഇല്ല. ശുചിമുറികൾ കുറവാണ്. പെൺ കുട്ടികൾ ക്ക് 4+4 = 8 ടോയ് ലറ്റും 2 യൂറിൻ ഷെഡും ഉണ്ട്. ആൺകുട്ടികൾക്ക് 2 യൂറിൻ ഷെഡിനു പുറമെ രണ്ട് ടോയ് ലറ്റ് മാത്രമാണ് ഉള്ളത്. ഉള്ള ശുചിമുറികൾ നല്ല നിലവാരം ഉള്ളവയല്ല. പ്രവർത്തന സജ്ജമായ കംപ്യൂട്ടറുകളുടെ എണ്ണവും കുറവാണ്. ഈ സാഹചര്യത്തിൽ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത 9 ഡിവിഷനുകളും അനുവദിക്കാൻ നിർവ്വാഹമില്ല. നിലവിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം വച്ച് പരിശോധിക്കുമ്പോൾ വളരെ കുറച്ചു ടോയ് ലെറ്റ് സൗകര്യം മാത്രമാണുള്ളത്. ആയതു കണക്കിലെടുത്ത് 5,7,9,10 ക്ലാസ്സുകളിൽ മാത്രം ഓരോ അധിക ഡിവിഷൻ അനുവദിക്കാനേ കഴിയുകയുള്ളൂ.

ഒരു മലയാളം അധികതസ്തികയും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്. മലയാളം ഒന്നാം പേപ്പറിന് 11x4=44 പീരിഡും രണ്ടാം

പേപ്പറിന് 12x2=24 പീരിഡുമാണുള്ളത്. ആകെ 7 0 പീരിയഡ് ഉണ്ട്. 70-ന് മൂന്ന് തസ്തികകളാണ് അനുവദനീയം. മുൻ വർഷം രണ്ടായിരുന്നു. ഒരു അധികതസ്തിക അനുവദിക്കാവുന്നതാണ്. 952 കുട്ടികൾ ഉള്ളതിനാൽ ഒരു FTM അധികതസ്തികയും അനുവദിക്കാവുന്നതാണ്. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത മുഴുവൻ ഡിവിഷനുകളും അനുവദിക്കാത്ത സാഹചര്യത്തിൽ ജൂനിയർ ഹിന്ദി അധികതസ്തിക അനുവദിക്കുന്നതിന് മതിയായ പീരിഡുകൾ ലഭ്യമല്ല. മുഴുവൻ ഡിവിഷനുകളും അനുവദിച്ചാലും ഒരു പീരിയഡ് മാത്രമേ അധികമായി വരുന്നുള്ളൂ. അതിനാൽ ജൂനിയർ ഹിന്ദി അധികതസ്തിക അനുവദിക്കേണ്ടതില്ല.

5,7,9,10 ക്ലാസ്സുകളിൽ മാത്രം ഓരോ അധികഡിവിഷനും ഒരു മലയാളം അധികതസ്തികയും 9 5 2 കുട്ടികൾ ഉള്ളതിനാൽ ഒരു F T M അധികതസ്തികയും അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നു".

ആയത് പ്രകാരം 5,7,9,10 എന്നീ ക്ളാസ്സുകളിൽ ഓരോ അധിക ഡിവിഷനും HST PHYSICAL SCIENCE, HST MATHEMATICS, HST MALAYALAM, FTM എന്നീ ഓരോ അധിക തസ്തികകളും, രണ്ട് അധിക U P S T തസ്തികകളും ഈ കാര്യാലയത്തിൽ നിന്നും ശിപാർശ ചെയ്തതു പ്രകാരം 2022-23 വർഷം സർക്കാരിൽ നിന്നും അനുവദിച്ചു വരുകയും ആയത് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി തസ്തികകൾ പുനർനിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

18-4-2022-ലെ GO(P) 5/2022യGedn പ്രകാരമുള്ള KER ഭേദഗതി പ്രകാരം 2022-2 0 2 3 മുതൽ സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ അധിക ഡിവിഷനുകൾ/തസ്തികകൾ എന്നിവ ശിപാർശ ചെയ്യുന്നത് വിദ്യാഭ്യാസ ഓഫീസർമാരും അനുവദിക്കുന്നത് സർക്കാരുമാണ്. വിദ്യാഭ്യാസ ഓഫീസർമാർ ഉന്നതതല പരിശോധന നടത്തി ശിപാർശ സഹിതം നൽകുന്ന അധിക തസ്തികകൾ മാത്രമേ സർക്കാരിലേക്ക് നൽകാൻ കഴിയുകയുള്ളു. സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിലാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത എല്ലാ തസ്തികകളും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ശിപാർശ ചെയ്യാതിരുന്നത്. ഈ വിഷയത്തിൽ മാനേജർ ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്ന റിവിഷൻ അപ്പീൽ നിരസിച്ചിരുന്നു എന്ന വിവരം കൂടി റിപ്പോർട്ട് ചെയ്യുന്നു.”

4) സർക്കാർ ഇക്കാര്യം ഹർജിക്കാരന്റെ വാദങ്ങൾ, സമർപ്പിച്ചിട്ടുള്ള രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ടി സ്കൂളിൽ 2022-23 വർഷത്തിൽ യു.പി. വിഭാഗത്തിൽ 1 4 ഡിവിഷനുകളും ഹൈസ്കൂൾ വിഭാഗത്തിൽ 1 4 ഡിവിഷനുകളും തത്തുല്യ തസ്തികകളും അനുവദിക്കണമെന്നതാണ് ഹർജിയിലെ ആവശ്യം. ടി സ്കൂളിൽ 2022-23 വർഷത്തെ തസ്തിക നിർണയത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 5 മുതൽ 1 0 വരെ ക്ലാസുകളിലായി 9 അധിക ഡിവിഷനുകളും (UP-5, HS-4) ആനുപാതികമായി 12 തസ്തികകളും (ഫിസിക്കൽ സയൻസ്-1 , കണക്ക് -1 , സോഷ്യൽ സയൻസ് -1, ഇംഗ്ലീഷ് -1 മലയാളം-1, യു പി എസ് ടി -5, ജൂനിയർ ഹിന്ദി -1, എഫ്.ടി.എം. -1) ഡയറക്ടർക്ക് ശിപാർശ ചെയ്തു. തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ടി സ്കൂളിൽ നടത്തിയ വെരിഫിക്കേഷൻ റിപ്പോർട്ടിൽ, എച്ച്.എസ്.എസ്.-ന്റെയും എച്ച്.എസ്.-ന്റെയും ക്ലാസ് മുറികൾ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല, അടുക്കള ഉണ്ടെങ്കിലും ഷീറ്റ് മേൽക്കൂരയോടുകൂടിയ ഷെഡിലാണ് പാചകം ചെയ്യുന്നത്, കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിന് ടിഫിൻ ഷെഡ്/ഡൈനിങ് ഹാൾ ഇല്ല, ശുചിമുറികൾ കുറവാണ്, പെൺ കുട്ടികൾ ക്ക് 4+4 = 8 ടോയ്‌ലറ്റും 2 യൂറിൻ ഷെഡും ആൺകുട്ടികൾക്ക് 2 യൂറിൻ ഷെഡും 2 ടോയ്‌ലറ്റും മാത്രമാണുള്ളത്, ശുചിമുറികൾ നല്ല നിലവാരമുള്ളവയല്ല, പ്രവർത്തനസജ്ജമായ കമ്പ്യൂട്ടറുകളുടെ എണ്ണം കുറവാണ് തുടങ്ങിയ കാരണങ്ങളാൽ 5,7,9,10 ക്ലാസുകളിൽ മാത്രം ഓരോ അധികഡിവിഷൻ അനുവദിക്കുവാനും, മലയാളം ഒന്നാം പേപ്പറിന് 11x4= 44 പീരീഡും രണ്ടാം പേപ്പറിന് 12x2=24പീരീഡുമായി ആകെ 70 പീരീഡ് ഉള്ളതിനാൽ ഒരു അധികതസ്തിക അനുവദിക്കുന്നതിനും, 9 5 2 കുട്ടികളുള്ളതിനാൽ ഒരു എഫ്.ടി.എം. തസ്തിക അനുവദിക്കുന്നതിനും ശിപാർശ ചെയ്തു.

5) വിദ്യാഭ്യാസ ഉപഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2022-23 വർഷം ടി തസ്തികകൾ സർക്കാർ അനുവദിച്ചു നൽകുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി തസ്തികകൾ പുനർനിർണയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിലാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത എല്ലാ തസ്തികകളും വിദ്യാഭ്യാസ ഉപഡയറക്ടർ ശിപാർശ ചെയ്യാതിരുന്നതെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

6) ടി സ്കൂളിലെ പോസ്റ്റ് കെ.ഇ.ആർ. ക്ലാസ് മുറികൾ 4 6 എണ്ണവും എക്സ്ട്രാ സ്പേസിന് 1 5 എണ്ണം മാറ്റിയശേഷം ലഭ്യമായ ക്ലാസ് മുറികൾ 3 1 എണ്ണവും ആണെന്നും, ജില്ലാ വിദ്യാഭ്യാസ ഓഫീസർ 2022-23 വർഷം ശിപാർശ ചെയ്തത് യുപി-1 4 , എച്ച്.എസ്.-14 ഉൾ പ്പെടെ 2 8 തസ്തികകൾ ആണെന്നും, മുൻവർഷം യുപി-9, എച്ച്എസ്-10 ഉൾപ്പെടെ 19 തസ്തികകൾ അനുവദിച്ചിരുന്നുവെന്നും, ഹയർ സെക്കൻഡറി വിഭാഗത്തിനായി 1 5 ക്ലാസ് മുറികൾ പ്രത്യേകമായി മാറ്റി വച്ചിട്ടുണ്ടെന്നും, വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് കെ.ഇ.ആർ. അദ്ധ്യായം 2 3 ചട്ടം 12-ന് വിരുദ്ധമാണെന്നും, അക്കോമഡേഷന്റെ പോരായ്മയോ കുട്ടികളുടെ കുറവോ ഉണ്ടെന്ന് ടി റിപ്പോർട്ടിൽ പരാമർശമില്ലെന്നും, തസ്തിക നിർണയത്തിൽ പരിശോധിക്കേണ്ടതായ അടിസ്ഥാന വസ്തുതകൾ ലഭ്യമായ അക്കോമഡേഷൻ സൗകര്യം, വാലിഡ് യു.ഐ.ഡി. ഉള്ള കുട്ടികളുടെ ഇഫക്റ്റീവ് സ്ട്രെങ്ത് എന്നിവയാണെന്നും, ടി സ്കൂളിൽ അധിക ഡിവിഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ടി റിപ്പോർട്ടിൽ വിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, തസ്തിക നിർണയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഉപഡയറക്ടർ ഉന്നയിച്ചിട്ടുള്ള നിയമവിരുദ്ധമായ തടസവാദങ്ങൾ തള്ളിക്കളഞ്ഞ് 2022-23 വർഷത്തെ തസ്തിക നിർണയത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്തിട്ടുള്ള പ്രകാരമുള്ള എച്ച്.എസ്.ടി. (എസ്.എസ്.) -1, എച്ച്.എസ്.ടി. (ഇംഗ്ലീഷ്) -1, യു.പി.എസ്.ടി. -3 , ജൂനിയർ (ഹിന്ദി) -1 തസ്തികകൾ കൂടി അനുവദിക്കണമെന്നും മാനേജർ വാദിക്കുന്നു.

7) ആറാം പ്രവൃത്തിദിനത്തിലെ എല്ലാ വിദ്യാർത്ഥികളുടെയും ഹാജരും മറ്റു രേഖകളുടെ ആധികാരികതയും പരിശോധിച്ച് ഉറപ്പുവരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2022-23 വർ ഷത്തേക്ക് 9 ഡിവിഷനുകളും അനുബന്ധ തസ്തികകളും ശിപാർശ ചെയ്തതെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഉള്ള പക്ഷം മതിയായ ഭൗതിക സാഹചര്യമില്ലെന്നത് തസ്തികനിർണ്ണയത്തിൽ പ്രസക്തമല്ല.

8) മേൽ സാഹചര്യത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ ഒഴിവാക്കി, തസ്തിക നിർണയത്തിന് ആവശ്യമായ കുട്ടികളും അക്കോമഡേഷനും ലഭ്യമാണെന്ന് ഉറപ്പുവരുത്തി, 2022-23 വർഷം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്തതു പ്രകാരമുള്ള

ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും ടോയ്‌ലറ്റുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കാൻ മാനേജർക്കും മാനേജർ അപ്രകാരം നടപടി സ്വീകരിച്ചുവെന്ന് ഉറപ്പു വരുത്തുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും നിർദ്ദേശം നല്കി എക്സിബിറ്റ് പി4 റിവിഷൻ ഹർജി തീർപ്പാക്കി പാലക്കാട് വണ്ടാഴി സി.വി.എം.എച്ച്.എസ്.എസ്. മാനേജർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത **WP(C)No.22478/2024**-ന്റെ **24.06.2024** -ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, സി.വി.എം.എച്ച്.എസ്.എസ്., വണ്ടാഴി, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (**31.05.2025**-ലെ **GE-JA3/54/2025-G.EDN** പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 01-07-2025 10:41:48

സെക്ഷൻ ഓഫീസർ